# വിശുദ്ധ പൗലോസും കോറിന്തോസുകാർക്കുള്ള ലേഖനങ്ങളും

യേശുക്രിസ്തുവിന്റെ അപ്പസ്തോലനും ദൈവഹിതാനുസരണം വിളിക്കപ്പെട്ടവനും (1 കോറി 1,1) ദൈവത്തിന്റെ സുവിശേഷത്തിനായി പ്രത്യേകം നിയോഗിക്കപ്പെട്ടവനുമായ (റോമാ 1,1) പൗലോസ് സഭയിലെ ആദ്യത്തെ ദൈവശാസ്ത്രജ്ഞനും സഭാ കൂട്ടായ്മയുടെ സംരക്ഷകനുമാണ്. പുതിയനിയമത്തിലെ 27 ഗ്രന്ഥങ്ങളിൽ 13 പുസ്തകങ്ങളും പൗലോസ് ശ്ലീഹായുടെ രചനകളാണ്. വി. പത്രോസിനോടൊപ്പം സഭയുടെ നെടുംതൂണികളിലൊന്നായിട്ടാണ് പൗലോസ് ശ്ലീഹായെ സഭയുടെ ആരംഭകാലം മുതല്ക്കെ കരുതിപ്പോരുന്നത്. ക്രൈസ്തവസഭയുടെ സ്ഥാപകനെന്നും വി. പൗലോസ് അറിയപ്പെടുന്നുണ്ട്.

## ജീവചരിത്രം

ഇന്നത്തെ തുർക്കിയിലുള്ള കിലീക്യായിലെ (Cilicia) പ്രധാന പട്ടണങ്ങളിലൊന്നായ താർസോസിലാണ് പൗലോസ് ജനിച്ചത് (അപ്പ 21,39; 22,3). A.D 1നും 10നും ഇടയിലാണ് പൗലോസ് ജനിച്ചതെന്നാണ് പൊതുവായ അഭിപ്രായം. പൗലോസ് അഭിപ്രായപ്പെടുന്നതനുസരിച്ച് അദ്ദേഹം ജന്മനാ റോമാ പൗരനാണ് (അപ്പ 22,28). B.C 63ൽ പാലസ്തീനായും പരിസര പ്രദേശങ്ങളുമെല്ലാം റോമൻ ഭരണത്തിന്റെ കീഴിലായിരുന്നു. കിലീക്യായിലെ താർസോസും റോമൻ ആധിപത്യത്തിലായിരുന്നതിനാലാകണം പൗലോസിനും റോമൻ പൗരത്വം ലഭിച്ചത്. മതപരമായി പൗലോസ് യഹൂദപൗരനാണ്. ഇസ്രായേൽ വംശത്തിലും ബഞ്ചമിൻ ഗോത്രത്തിലും പിറന്ന പൗലോസ് എട്ടാം ദിവസം പരിച്ഛേദനം ചെയ്യപ്പെട്ടവനാണ്. നിയമപ്രകാരം ഫരിസേയനാണ് (ഫിലി 3,5).

യവന-റോമാ സാമ്രാജ്യത്തിന്റെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിലാണ് പൗലോസ് വളർന്നത്. 'ഹെല്ലനിസ്റ്റിക്' വിദ്യാഭ്യാസം പൗലോസിന് ലഭിച്ചിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ ഗ്രീക്ക് ഭാഷയിലെ പാണ്ഡിത്യം വ്യക്തമാക്കുന്നുണ്ട്. പൗലോസിന്റെ ലേഖനങ്ങളിലെ ഗ്രീക്ക് ഭാഷ ഉയർന്ന അക്കാദമിക് നിലവാരത്തിലുള്ളവയാണ്. തത്വചിന്തകന്മാരുടെ കേന്ദ്രമായിരുന്ന താർസോസിൽ സ്റ്റോയിക്ക് (Stoic) തത്വശാസ്ത്രത്തിന്റെയും ദർശനങ്ങളുടെയും സ്വാധീനമുണ്ടായിരുന്നു. മതപരമായ വിദ്യാഭ്യാസം ജറുസലേമിൽ ഗമാലിയേലിന്റെ കീഴിലായിരുന്നു. പിതാക്കന്മാരുടെ നിയമങ്ങളിലാണ് (Torah) പൗലോസ് പഠനം നടത്തിയത് (അപ്പ 22,3). യഹൂദറബ്ബിമാരുടെ ബൈബിൾ വ്യാഖ്യാനശൈലി പൗലോസും സ്വീകരിച്ചിട്ടുണ്ട്. നിയമത്തിൽ അവഗാഹമുണ്ടായിരുന്ന പൗലോസ് സാൻഹെദ്രീൻ സംഘത്തിലെ അംഗമായിരുന്നിരിക്കണം. പൗലോസിന്റെ തൊഴിൽ കൂടാരപ്പണിയായിരുന്നു (അപ്പ 18,3). അദ്ദേഹത്തിന്റെ പ്രേഷിതയാത്രകളിൽ ഈ ജോലി ഏറെ സഹായകരമായിരുന്നു (1 കോറി 9,6; 1 തെസ്സ 2,9).

ദമാസ്കസിൽവച്ച് 'യേശുദർശനം' ലഭിക്കുന്നതിനുമുമ്പ് ഒരു മതമർദ്ദകനായിരുന്നു പൗലോസ് (അപ്പ 8,3; 9,1-2). ഡീക്കനായിരുന്ന എസ്തപ്പാനോസിന്റെ വധത്തിന് അനുകൂലമായി നിന്ന് വ്യക്തിയാണ് സാവൂൾ എന്നു പേരുള്ള പൗലോസ് (അപ്പ 7,58). തുടർന്ന് സഭയെ നശിപ്പിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരുന്ന പൗലോസ് ക്രിസ്തുമാർഗം (അപ്പ 9,2) പിൻതുടർന്നവരെ കണ്ടെത്തുകയും അവരെ തടവിലാക്കുകയും ചെയ്തു (അപ്പ 8,3)

പൗലോസിന് മാനസാന്തരം സംഭവിക്കുന്നത് ദമാസ്ക്കസിലേക്കുള്ള യാത്രയിലാണ് (അപ്പ 9,1 -9) പ്രകാശമായ മിശിഹായുടെ സ്പർശനമാണ് അദ്ദേഹത്തെ മാനസാന്തരപ്പെടുത്തിയത് (അപ്പ 9,3). അനനിയാസ് എന്ന ക്രിസ്തുശിഷ്യന്റെ കൈവയ്പ്പുവഴി പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായ പൗലോസ് ജ്ഞാനസ്നാനം സ്വീകരിക്കുകയും അതേത്തുർന്ന് യേശു ദൈവപുത്രനാണെന്നും യേശു മിശിഹായാണെന്നും പ്രഘോഷിക്കുകയും ചെയ്തു (അപ്പ 9,10-22). ഉത്ഥിതനായ മിശിഹായുടെ ദർശനം പൗലോസിനെ അവിടുത്തെ ശുശ്രൂഷകനും പ്രഘോഷകനുമാക്കി മാറ്റി.

മാനസാന്തരത്തിനുശേഷം(A.D. 32 - 33)മൂന്ന് വർഷക്കാലം അറേബ്യായിൽപൗലോസ് ചെലവഴിച്ചു (ഗലാ 1:17)പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും നാളുകൾക്ക് ശേഷം ദമാസ്ക്കസിലും ഇതരദേശങ്ങളിലും അദ്ദേഹം സുവിശേഷം പ്രസംഗിക്കുവാൻ ആരംഭിച്ചു.മാനസാന്തരത്തിനുശേഷമുള്ള പൗലോസ് ശ്ലീഹായുടെ ആദ്യ ജറുസലേം യാത്ര ഏ ഡി 36-37 കാലഘട്ടത്തിലായിരിക്കാനാണ് സാധ്യത. പതിനഞ്ച് ദിവസത്തെ ജറുസലേം സന്ദർശനത്തിനു ശേഷം സിറിയായിലും കിലിക്യാ പ്രദേശങ്ങളിലും പൗലോസ് സുവിശേഷം പ്രസംഗിച്ചു(ഗലാ 1:21)

പൗലോസിന്റെ പ്രവർത്തനങ്ങളുടെ കാലഘട്ടം നിർണ്ണയിക്കുവാൻ പ്രയാസങ്ങളുണ്ടെങ്കിലും മാനസാന്തരത്തിനു ശേഷം അദ്ദേഹം മൂന്ന് മിഷൻ യാത്രകൾ നടത്തിയതായി കരുതപ്പെടുന്നു.:

1. A.D. 46-49(അപ്പ 13:1 - 14:28);
2 A.D. 50-52 (അപ്പ 15:36 - 18:22);
3 A.D 53-58 (അപ്പ 18:23 - 20:38);

ഒന്നാം പ്രേഷിതയാത്രയിൽ ബാർണബാസും, രണ്ടാം പ്രേഷിതയാത്രയിൽ സീലാസും മൂന്നാം പ്രേഷിതയാത്രയിൽ തിമോത്തിയോസുമായിരുന്നു യഥാക്രമം പൗലോസിന്റെ സഹയാത്രികർ.

ഒന്നാം പ്രേഷിതയാത്രയിൽ അന്ത്യോക്യാ, സൈപ്രസ്,സലാമിസ്, പെർഗാ, പിസീദിയാ, ഇക്കോണിയാ, ലിസ്ത്രാ, ദെർബേ, പംഫീലിയ, അത്താലിയ തുടങ്ങിയ പ്രദേശങ്ങളിലൂടെ യാത്രചെയ്ത പൗലോസ് സാബത്ത് ദിവസങ്ങളിൽ സിനഗോഗിൽ പ്രവേശിക്കുകയും ജനത്തെ പഠിപ്പിക്കുകയും ചെയ്തു( അപ്പ 13:14) ഇസ്രായേലിന്റെ രക്ഷകനായി ദൈവം അയച്ച യേശുവിനെക്കുറിച്ചും, രക്ഷയുടെ വചനമായ ക്രിസ്തുവിനെക്കറിച്ചും, ഉത്ഥിതനായ ക്രിസ്തുവിനോപ്പറ്റിയും ശക്തിയായി പ്രസംഗിച്ച പൗലോസ് ദൈവകൃപയിൽ നിലനിൽക്കാൻ ജനത്തെ പ്രേരിപ്പിച്ചു (അപ്പ13:43) ഭൂമിയുടെ അതിർത്തികൾ വരെ രക്ഷ പ്രാപിക്കുന്നതിന് വിജാതിയർക്ക് ഒരു ദീപമായി താൻ സ്ഥാപിക്കപ്പെട്ടിരിക്കുന്നുവെന്ന ഉറച്ച ബോധ്യം പൗലോസിനുണ്ടായിരുന്നു(അപ്പ 13:14) ദൈവവചന പ്രഘോഷണത്തോടൊപ്പം തന്നെ പൗലോസ് രോഗ ശാന്തി ശുശ്രൂഷയും നൽകിയിരുന്നു(അപ്പ 14:8-10).

"മോശയുടെ നിയമമനുസരിച്ച് പരിച്ഛേദനം ചെയ്യപ്പെടാത്തപക്ഷം രക്ഷ പ്രാപിക്കുവാൻ സാധ്യമല്ല" (അപ്പ 15:1) എന്ന് പഠിപ്പിച്ച പ്രബോധകരുടെ നിലപാടിനോട് പൗലോസ് വിയോജിപ്പ് പ്രകടിപ്പിച്ചു. ഈ വിഷയം ജറുസലേമിൽചെന്ന് അപ്പോസ്തലന്മാരും ശ്രേഷ്ഠന്മാരുമായി ചർച്ചചെയ്യണമെന്ന് പൗലോസ് ശഠിച്ചു. എ.ഡി 49-50 കാലഘട്ടത്തിൽ ജറുസലേമിൽ കൂടിയ സൂനഹദോസിൽ പത്രോസും യാക്കോബും ഔദ്യോഗികമായി സംസാരിക്കുകയും 'രക്ഷ പ്രാപിക്കുവാൻ ശാരീരിക പരിച്ഛേദനം ആവശ്യമില്ല'എന്ന തീരുമാനത്തിലെത്തുകയും ചെയ്തു(അപ്പ 15:1-29). കർത്താവായ യേശുവിന്റെ കൃപയാൽ നാം രക്ഷ പ്രാപിക്കുമെന്ന് പത്രോസ് അവരെ പഠിപ്പിച്ചു.

രണ്ടാമത്തെ പ്രേഷിത യാത്രയിൽ അന്ത്യോക്യാ, സിറിയാ, കിലീക്യാ, ദെർബേ, ലിസ്ത്രാ, ഫ്രീജിയാ, ഗലാത്തിയാ, മീസിയാ, ത്രോവാസ്, ഫിലിപ്പി, തെസലോനിക്കാ, ബെറോയാ, ആഥൻസ്, കോറിന്ത്, എഫേസോസ്, കേസറിയാ, അന്ത്യോക്യാ എന്നീ ദേശങ്ങളിലൂടെയാണ് പൗലോസ് യാത്രചെയ്തത്. "കർത്താവായ യേശുവിൽ വിശ്വസിക്കുക; നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കുക്കും( അപ്പ 16:31) എന്ന യാഥാർത്ഥ്യം പൗലോസ് വ്യക്തമായി ഈ യാത്രയിൽ പഠിപ്പിച്ചു. യേശുവാണ് ക്രിസ്തുവെന്ന സത്യവും പൗലോസ് ഉറക്കെ വിളിച്ചു പഞ്ഞു (അപ്പ 18:7).

മൂന്നാമത്തെ മിഷനറി യാത്രയിൽ ഫ്രീജിയാ, ഗലാത്തിയാ, എഫേസോസ്, മക്കദോനിയാ, കോറിന്ത്, ത്രോവാസ്, ആസോസ്, മിലേത്തോസ്, സാമോസ്, ജറുസലേം പ്രദേശങ്ങളിലൂടെ യാത്ര ചെയ്ത പൗലോസ് കർത്താവായ ഈശോമിശിഹായുടെ നാമത്തിൽ സ്നാനം നൽകുകയും ശിഷ്യരുടെമേൽ കൈകൾവച്ച് പരിശുദ്ധാത്മാവിന്റെ അഭിഷേകശുശ്രൂഷ നടത്തുകയും ചെയ്തു(അപ്പ 19:5-6). ദൈവരാജ്യത്തെക്കുറിച്ച് പ്രസംഗിച്ച പൗലോസ് (അപ്പ 19:8) അർത്തേമീസ് ദേവിയുടെ ക്ഷേത്രത്തിലെ വിഗ്രഹാരാധനയ്ക്കെതിരെ സംസാരിക്കുകയും ചെയ്തു (അപ്പ 19:23-41) മൂന്നാം മിഷനറിയാത്രയ്ക്കിടയിലാണ് പൗലോസ് തന്റെ വിടവാങ്ങൽ പ്രസംഗം (അപ്പ 20:18-35) നടത്തുന്നത്.

ജനത്തിനും നിയമത്തിനും വിശുദ്ധസ്ഥലത്തിനുമെതിരെ പൗലോസ് പഠിപ്പിക്കുന്നുവെന്നാരോപിച്ച് യഹൂദർ പൗലോസിനെ ബന്ധനസ്ഥനാക്കി (അപ്പ 21:27-30) വിവരമറിഞ്ഞ റോമൻ സഹസ്രാധിപൻ ശതാധിപനെയും ഭട്ടരാരെയും കൂട്ടിക്കൊണ്ടുവന്ന് പൗലോസിനെ ചങ്ങലകൊണ്ട് ബന്ധിച്ചു. മത കോടതിയിലും (സാൻഹെദ്രിൻ) മതേതര കോടതിയിലും പൗലോസ് പലതവണ വിചാരണ നേരിട്ടു. ദേശാധിപതിയായ ഫെലിക്സും (അപ്പ 23:23-35) അദ്ദേഹത്തിന്റെ പിൻഗാമിയായ പോർസിയൂസ് ഫേസ്തൂസും (അപ്പ 25:1-12) അഗ്രിപ്പ രണ്ടാമൻ രാജാവും ( അപ്പ 25:13-26:32) പൗലോസിനെ വിചാരണ ചെയ്തു. റോമ പൗരനായ പൗലോസ് സീസറിന്റെ മുൻപാകെ ഉപരി വിചാരണ ആവശ്യപ്പെട്ടതിനാൽ അധികാരികൾ പൗലോസിനെ റോമായിലേക്ക് അയച്ചു.

സെബാസ്തെ സൈന്യവിഭാഗത്തിലെ ജൂലിയസ് എന്ന ശതാധിപന്റെ കൂടെ പൗലോസിനെ റോമിലേക്ക് തടവുകാരനായി കപ്പലിൽ അയച്ചു. കപ്പലപകടത്തിൽനിന്നും രക്ഷപെട്ട അവർ മാസങ്ങൾക്കുശേഷം റോമിലെത്തി. പൗലോസ് അവിടെ രണ്ടു വർഷം വീട്ടുതടങ്കലിൽ താമസിക്കുകയും ദൈവരാജ്യം പ്രസംഗിക്കുകയും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് നിർബാധം ധൈര്യപൂർവ്വം പഠിപ്പിക്കുകയും ചെയ്തു (അപ്പ 28:30-31) . സഭയ്ക്കെതിരെ മർദ്ദനം അഴിച്ചുവിട്ട നീറോ ചക്രവർത്തിയുടെ ഭരണത്തിൻരെ അവസാനഘട്ടത്തിൽ എ.ഡി 67 ൽ റോമായിൽവച്ച് പൗലോസ് രക്തസാക്ഷിത്വം വരിച്ചു.

പൗലോസിന്റെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങൾ:

| **വർഷം(A.D)** | **സംഭവങ്ങൾ** | **ബൈബിൾ സൂചന** |
|---|---|---|
| 1-10 | കീലീക്യായിലെ താർസോസിൽ ജനനം | അപ്പ 21:39 |
| 22 | ഗമാലിയേലിയേലിന്റെ കീഴിൽ പിതാക്കൻമാരുടെ നിയമങ്ങളിൽ (തോറ) വിദ്യാഭ്യാസം | അപ്പ 22:3 |

| | | |
|---|---|---|
| 30 | ഈശോയുടെ കുരിശുമരണം | |
| 30-32 | ക്രിസ്തു മാർഗ്ഗത്തിൽ ചരിക്കുന്നവർക്ക് നേരെയുള്ള മതമർദ്ദനം | അപ്പ 8:1, 9:1-2 |
| 32- 33 | പൗലോസിന്റെ മാനസാന്തരം | അപ്പ 9;3-19 |
| 32-33 | പൗലോസിന്റെ മാനസാന്തരം | അപ്പ 9:3-19 |
| 33-36 | അറേബ്യയിലെ താമസം | ഗലാ 1:15-17 |
| 36- 37 | ജറുസലേമിലേക്കുള്ള ആദ്യയാത്ര | ഗലാ 1:17, അപ്പ 9:26-29 |
| 46- 49 | ഒന്നാം പ്രേഷിതയാത്ര | അപ്പ 13:1-14:28 |
| 49 - 50 | ജറുസലേം കൗൺസിൽ | അപ്പ 15:1-29 |
| 50-52 | രണ്ടാം പ്രേഷിതയാത്ര | അപ്പ 15:36-18:22 |
| 51-52 | തെസലോനിക്കക്കാർക്കുള്ള1,2 ലേഖനങ്ങൾ രചിച്ചു | |
| 51- 52 | കോറിന്തിലെ 18 മാസക്കാലത്തെവാസം | അപ്പ18:1-11 |
| 52 | അക്കായിയായിൽ ഉപസ്ഥാനപതിയായിരുന്ന ഗാലിയോയുടെ ന്യായാസനത്തിനു മുൻപിലെ വിചാരണ | അപ്പ 18:12-18 |
| 53-58 | മൂന്നാം പ്രേഷിതയാത്ര | അപ്പ 18:23 - 21:26 |
| 54 | എഫേസോസിൽവച്ച്1 കോറിന്തോസ് ലേഖനം എഴുതി | |
| 55-56 | മാസിഡോണിയയിൽവച്ച് റോമാക്കാർക്കുള്ള ലേഖനം എഴുതി | |
| 57-58 | കേസറിയായിൽവച്ച് പൗലോസിനെ ബന്ധിക്കുന്നു | അപ്പ 21:27-36 |
| 59-60 | റോമയിലേക്കുള്ള യാത്ര | അപ്പ 27:1-44 |
| 60-67 | റോമയിലെ വീട്ടു തടങ്കലിലെ വാസം | അപ്പ 28:17-31 |
| 60-63 | ഫിലെമോൻ, ഫിലിപ്പി,എഫേസോസ്, കൊളോസോസ് ലേഖനങ്ങൾ രചിച്ചു | |
| 63-66 | 1,2,തിമോത്തി,തീത്തോസ് ലേഖനങ്ങൾ രചിച്ചു. | |

പൗലോസ് ശ്ലീഹായുടെ 13 ലേഖനങ്ങളെ ആധികാരിക ഗ്രന്ഥങ്ങളായി എ.ഡി. 367 ൽ വിശുദ്ധ അത്തനാഗോറസ് പ്രഖ്യാപിച്ചു. എ.ഡി 397 ൽ കാർത്തജിൽ ചേർന്ന സൂനഹദോസ് ഈ 13 ലേഖനങ്ങളെ വിശുദ്ധ ബൈബിളിലെ അനിവാര്യ ഭാഗമാക്കി പ്രഖ്യാപിച്ചു. പത്രോസ് ശ്ലീഹ തന്റെ രണ്ടാം ലേഖനത്തിൽ പൗലോസിന്റെ ലേഖനങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നത് നമ്മുടെ പ്രിയ സഹോദരനായ പൗലോസ് തനിക്കു ലഭിച്ച ജ്ഞാനമനുസരിച്ച് എഴുതിയിട്ടുണ്ടല്ലോ എന്നാണ് (2 പത്രോ 3:16).

പൗലോസിന്റെ ലേഖനങ്ങളെ നാലായി തിരിക്കാം.

1. പ്രധാനലേഖനങ്ങൾ - റോമാ, 1,2 കോറിന്തോസ്, ഗലാത്തിയ
2. തടവറലേഖനങ്ങൾ - എഫേസോസ്, ഫിലെമോൻ
3. അജപാലന ലേഖനങ്ങൾ - 1,2 തിമോത്തി, തീത്തോസ്
4. ആദ്യ കാല ലേഖനങ്ങൾ - 1,2 തെസലോനിക്കാ

പൗലോസ് ശ്ലീഹായുടെ 13 ലേഖനങ്ങളെ അവയുടെ രചയിതാവിന്റെ ആധികാരികതയെ അടിസ്ഥാനമാക്കി രണ്ടായി തിരിക്കാറുണ്ട്.

1. ആധികാരിക ലേഖനങ്ങൾ (Authentic Letters) - റോമാ, 1,2 കോറിന്തോസ്, ഗലാത്തിയാ, ഫിലിപ്പി, 1 തെസലോണിക്കാ, ഫിലെമോൻ.പൗലോസ് തന്നെ രചിച്ചു എന്നു കരുതുന്നതിനാൽ പ്രോട്ടോ- പൗളെയ്ൻ ലേഖനങ്ങൾ (proto Paulin Letters) എന്ന് ഇവ അറിയപ്പെടുന്നു.

2. ആധികാരികമല്ലാത്ത ലേഖനങ്ങൾ (unauthetic Letters) - 2 തെസലോണിക്കാ എഫേസോസ് കൊളോസോസ്, 1,2 തിമോത്തി, തീത്തോസ് പൗലോസിന്റെ ശിഷ്യന്മാർ രചിച്ചു എന്ന് കരുതുന്നതിനാൽ ഡ്യൂട്രോ - പൗലെയ്ൻ ലേഖനങ്ങൾ (Deutero - Pauline Letters) എന്ന് ഇവ അറിയപ്പെടുന്നു.

## കോറിന്തോസും കോറിന്തോസ് ലേഖനങ്ങളും

കോറിന്തോസ്

ഗ്രീസിനെയും വൻകരയുടെ തെക്കുഭാഗത്തുള്ളപെലോപൊണേസ് (Peleponnese) പ്രദേശത്തയും തമ്മിൽ ബന്ധിപ്പിച്ചിരുന്ന ഇടുങ്ങിയ ഇടനാഴി പോലെയുള്ള ഭൂപ്രദേശമാണ്കോറിന്തോസ്. തെക്കൻ അക്കായിയായിലെ(achaia) ജനസാന്ദ്രമായ പട്ടണമാണിത്. ഗ്രീക്ക് സംസ്ക്കാരത്തിന്റെ നേട്ടങ്ങൾ അനുഭവിച്ചിരുന്ന പട്ടണമാണ് കോറിന്തോസ്. തത്ത്വശാസ്ത്രാഭിമുഖ്യങ്ങൾ വളർത്തുന്ന അറിവിന്റെ പാഠശാ

ലകളും, പ്രസംഗ ശാലകളും, കളിക്കളങ്ങളും ആത്മീയതവളർത്തുന്ന ഗ്രീക്ക് ദേവീ ദേവന്മാരുടെ ആരാധനാലയങ്ങളും കോറിന്തോസിൽ ഉണ്ടായിരുന്നു. സ്നേഹത്തിന്റെയും സൗന്ദര്യത്തിന്റെയും പ്രതീകമായ അഫ്രോഡൈറ്റ് (Aphrodite)ആയിരുന്നു അവരുടെ പ്രധാനദേവത.അർത്തെമിസ്, അപ്പോളോ തുടങ്ങിയ ദേവീ-ദേവന്മാരുടെയും അമ്പലങ്ങൾ കോറിന്തിലുണ്ടായിരുന്നു. കോറിന്തിൽ യഹൂദരുടെ സിനഗോഗും ഉണ്ടായിരുന്നു. ലൈംഗീക അധാർമ്മികത നിറഞ്ഞ ഒരു പ്രദേശമായിരുന്നു കോറിന്തോസ്. ഗ്രീക്ക് ദേവിയായ അഫ്രോഡൈറ്റിന്റെ ആലയത്തിൽ അധാർമ്മിക പ്രവർത്തനങ്ങൾ ദേവപ്രീതിയ്ക്കായി നടത്തിയിരുന്നു. നാഗരീകതയുടെ എല്ലാ പ്രത്യേകതകളും നിറഞ്ഞ ഈ പട്ടണത്തിൽ ധനികരും, ദരിദ്രരും, ബൗദ്ധീകമായി ശക്തരായവരും സാധാരണക്കാരും ലക്ഷകണക്കിന് അടിമകളും ഉണ്ടായിരുന്നു.

## പൗലോസ് കോറിന്തോസിൽ

രണ്ടാം പ്രേഷിതയാത്രയുടെ അവസാനഭാഗത്താണ് പൗലോസ് കോറിന്തോസിൽ എത്തുന്നത്(അപ്പ 18: 1-18). അക്കായിയാ പ്രദേശത്തിന്റെ തലസ്ഥാനമായ കോറിന്തോസിൽ പൗലോസ് ഒന്നര വർഷക്കാലം താമസിക്കുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്തു.കൂടാതെ, അക്വിലാ,പ്രഷില്ലാ ദമ്പതിമാരുടെ കൂടെ പൗലോസ് കൂടാരപ്പണിയിലേർപ്പെടുകയും ചെയ്തു. കോറിന്തോസ് സഭയ്ക്ക് രൂപം കൊടുത്തശേഷം പൗലോസ് എഫേസോസിലേക്ക് യാത്രയായെങ്കിലും ഇവരുമായി നിരന്തര സമ്പർക്കമുണ്ടായിരുന്നു. കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനം എഫേസോസിൽ വച്ച് ഈ കാലയളവിലാണ് പൗലോസ് രചിച്ചത്.

## 1കോറിന്തോസ് ലേഖനത്തിന്റെ പശ്ചാത്തലം

കോറിന്തോസിലെ മൂന്നു പ്രതിനിധികൾ (സ്തെഫാനോസ്, ഫൊർത്തുനാത്തൂസ്, ആകായിയോസ്) പൗലോസിനെ കാണുകയും കോറിന്തോസിലെ സഭയിലെ ദൈവശാസ്ത്ര - ധാർമ്മിക പ്രശ്നങ്ങളെക്കുറിച്ച് വിവരം നൽകുകയും ചെയ്തു (1 കോറി 16:17- 18) . കൂടാതെ, കോറിന്തോസ് സഭയിലെ ഭിന്നതകളെക്കുറിച്ചും തർക്കങ്ങളെക്കുറിച്ചും ക്ളോയെയുടെ(മപതദ)ബന്ധുക്കൾ പൗലോസിനോ അറിയിച്ചു. (1 കോറി 1: 11) കോറിന്ത് സഭയിൽ വിശ്വാസികൾക്കിടയിൽ നിലനിന്നിരുന്ന വിവിധ സംശയങ്ങളെക്കുറിച്ച് കോറിന്തോസ് സഭാവാസികൾ പൗലോസിനോട് എഴുതിചോദിച്ചു.(1 കോറി 7:1). വിവാഹം, കർത്താവിന്റെ രണ്ടാമത്തെവരവ്, വിഗ്രഹാർപ്പിത ഭക്ഷണം, പരിശുദ്ധാത്മാവിന്റെ വരങ്ങൾ, ഉത്ഥാനം, കർത്താവിന്റെ അത്താഴം , സഭയിലെ അനുഷ്ഠാനങ്ങൾ സമ്പ്രദായങ്ങൾ പാരമ്പര്യങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള ചോദ്യങ്ങൾ ജനങ്ങൾക്കിടയിലുണ്ടായിരുന്നു. ഈവിധ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലാണ് പൗലോസ് കോറിന്തോസുകാർക്കുള്ള ഒന്നാമത്തെ ലേഖനം എഴുതുന്നത്.

## 2കോറിന്തോസ് ലേഖനത്തിന്റെ പശ്ചാത്തലം

എഫേസോസിൽ നിന്ന്എഴുതിയറിയിച്ചിരുന്നതുപോലെ എ.ഡി. 55ൽ മാസിഡോണിയായിലേക്ക് പോകും വഴി പൗലോസ് രണ്ടാമതും കോറിന്തോസ് സന്ദർശിച്ചു.(1കോറി 16: 1-5).ജറൂസലേമിൽനിന്നും കോറിന്തിൽ വന്ന വ്യാജ പ്രബോധകരിൽ ചിലർ പൗലോസിന്റെ ശ്ലൈഹീകാധികാരത്തെ ചോദ്യം ചെയ്തു.(2കോറി 2: 12-14) പൗലോസിന്റ പ്രവർത്തനം ആത്മാർത്ഥതയില്ലാത്തതും സ്വാർത്ഥ ലാഭേച്ഛയോടെയുമാണെന്ന് അവർ ആരോപിച്ചു.( 2 കോറി1:17) ഈ അനുഭവം പൗലോസിനെ ഏറെ ദുഖിപ്പിക്കുകയും പിന്നീട് ഏറെ വിഷമത്തോടും ഹൃദയവ്യഥയോടും കൂടെ പൗലോസ് തീത്തോസ് വഴി കോറിന്തോസിലേക്ക് ഒരു കത്ത് കൊറുത്തയച്ചു. ഈ കത്താണ് “കണ്ണീരിന്റെ കത്ത് ” (Letter of Tears) എന്ന പേരിൽ അറിയപ്പെടുന്നത്. ഈ കത്ത് നമുക്ക് ലഭ്യമല്ല.

കോറിന്തോസ് സഭയിലെ വിവരങ്ങൾ മക്കദോനിയായിൽ തിരികെയെത്തിയ തീത്തോസ് പൗലോസിനെ അറിയിച്ചു. കോറിന്തോസിലെ സഭാംഗങ്ങക്കുള്ള പൗലോസിന്റെ ‘കണ്ണീരിന്റെ കത്ത്’ അവരിൽ ദുഖമുളവാക്കി. എന്നാൽ ആ കത്ത് വിശ്വാസികളെ അനുതാപത്തിലേക്കും രക്ഷയിലേക്കും നയിച്ചു.ഈ വാർത്ത പൗലോസിനെ അത്യധികം സന്തോഷിപ്പിച്ചു.( 2 കോറി 7:2-16) കോറിന്തോസിലെ സഭാംഗങ്ങളുടെനിലപാടുകളിലും പെരുമാറ്റത്തിലുമൊക്കെയുണ്ടായ മാറ്റങ്ങളിൽ സംതൃപ്തനായി. പൗലോസ് കോറിന്തോസുകാർക്കുള്ള രണ്ടാമത്തെ ലേഖനമെഴുതുന്നത് ഈ പശ്ചാത്തലത്തിലാണ്. ദൈവശാസ്ത്രപരമോ ധാർമ്മിക പ്രബോധലപരമോ ആയ ഉള്ളടക്കങ്ങളെക്കാൾ തന്റെ പ്രേഷിതത്തിന്റെ ഔന്നത്യവും ആധകാരികതയും ചൂണ്ടിക്കാണിക്കുന്ന, അപ്പസ്തോലിക സ്ഥാനത്തിന്റെ മഹത്വവും ദൗത്യവും വ്യക്തമാക്കുന്ന സ്വയം പ്രതിരോധത്തിന്റെ ലേഖനമാണിത്. തെറ്റായ വാദമുഖങ്ങൾക്കുമുമ്പിൽ പൗലോസ് തന്റെ ശുശ്രൂഷയെ ന്യായീകരിച്ചും നീതികരിച്ചും എഴുതുന്നതിനാൽ ഇതൊരു അപൊളെജെറ്റിക്ക് (apologetic)ലേഖനമാണ്.

കോറിന്തോസിലേക്കുള്ള തന്റെ മൂന്നാമത്തെ ഔദ്യോഗീക സന്ദർശനത്തിൽ പൗലോസ് കാർക്ക

ശ്യത്തോടെ അധികാരം പ്രയോഗിക്കാതിരിക്കേണ്ടതിനു വേണ്ടിയാണ്( 2 കോറി 13:10) അദ്ദേഹം ഈ കത്ത് എവുതുന്നത്. പൗലോസിന്റെ വരവിനു മുൻപായിതന്നെ കോറിന്തോസ് സമൂഹത്തിലും, അപ്പസ്തോലനും കൂട്ടായ്മയും തമ്മിലും രമ്യതയും ഒരുമയും ഉണ്ടാകണമെന്ന് പൗലോസ് ആഗ്രഹിക്കുന്നുണ്ട്. (2 കോറി 5:20) സഭയോട് ചേർന്ന് നിൽക്കാതെ വിമതസ്വഭാവം കാണിക്കുന്ന പ്രതിയോഗികൾ അനുരഞ്ജനപ്പെടണമെന്നു ഈ ലേഖനത്തിലൂടെ പൗലോസ് ആഹ്വാനം ചെയ്യുന്നു. ജറൂസലേമിലെ വിശ്വാസികൾക്കുവേണ്ടിയുള്ള ധർമ്മശേഖരണത്തിൽ എല്ലാവരും ഔദാര്യപൂർവ്വം നൽകണമെന്ന ഉദ്ബോധനവും (2 കോറി 8:1-9:15) പൗലോസ് നൽകുന്നു. തന്റെ സുവിശേഷ പ്രവർത്തനങ്ങളെയും തന്റെ വ്യക്തിപരമായ ശുശ്രൂഷാജീവിതത്തെയും ന്യായീകരിച്ച് കാണിക്കുകയാണ് ഈ ലേഖനത്തിന്റെ പ്രധാന ഉദ്ദേശങ്ങളിലൊന്ന്. പൗലോസ് ശ്ലീഹായെ വ്യക്തിപരമായി വിമർക്കുകയും എതിർക്കുകയും ചെയ്തവർക്കുള്ള മറുപടിയാണ് ലേഖനത്തിന്റെ അവസാനഭാഗം( 2കോറി 10:1—13:10)

ഗ്രന്ഥവിഭജനം

പൗലോസിന്റെ എല്ലാ ലേഖനങ്ങളിലും, കാണുന്ന പൊതു രചനാ ശൈലി തന്നെയാണ് കോറിന്തോസുകാർക്കുള്ള രണ്ടാം ലേഖനത്തിലുമുള്ളത്. ആമുഖം, നന്ദി, പ്രാർത്ഥന,ദൈവശാസ്ത്ര പരവും(doctrinal)ധാർമ്മികപരവുമായ പ്രധാന വിഷയങ്ങളുടെ അവതരണം, സമാപനം. ഈലേഖനത്തിന്റെ മുഖ്യ ഉള്ളടക്കം പൗലോസിന്റെ അപ്പസ്തോലിക ശുശ്രൂഷയുമായി ബന്ധപ്പട്ടതാണ്.ദൈവശാസ്ത്ര, ധാർമ്മിക ദർശനങ്ങൾ ഇടകലർത്തിയാണ് ഈ ലേഖനത്തിൽ പരാമർശിച്ചിരിക്കുന്നത്.

1 :1-11 ആമുഖം

1: 1-2 അഭിവാദനം

1: 3-11 കൃതജ്ഞതാ പ്രകാശനം , പ്രാർത്ഥന

a 1:12-7:16 പൗലോസിന്റെ ശുശ്രൂഷയും അതിന്റെ വിശ്വാസ്യതയും
- 1: 12- 2 : 13 സഹനത്തിന്റെയും ക്ഷമയുടെയും ശുശ്രൂഷ
- 2:14- 5 : 21 ഉടമ്പടിയുടെ ശുശ്രൂഷ അനുരഞ്ജനത്തിന്റെ ശുശ്രൂഷ
- 6:1 - 7 : 16 നിഷ്കളങ്ക ശുശ്രൂഷ, വിശുദ്ധശുശ്രുഷ

b 8:1 - 9 :15 ഔദാര്യ പൂർണ്ണമായ ദാനത്തിന്റെ ശുശ്രൂഷ
- 8 : 1-24 ജറൂസലേമിനുവേണ്ടയുള്ള ധർമ്മശേഖരണം
- 9 : 1-15 വിശുദ്ധർക്കുവേണ്ടിയുള്ള ഉദാരമായ ദാനം

c 10: 1- 13: 10 പൗലോസിന്റെ ശുശ്രൂഷയെക്കുറിച്ചുള്ള ന്യായവാദങ്ങൾ
- 10 :1- 18 സൗമ്യതയുടേയും ശാന്തതയുടേയും ശുശ്രൂഷ
- 11 : 1 - 15 നീതീയുടെ ശുശ്രൂഷ
- 11 : 16- 33 സഹനത്തിന്റെ ശുശ്രൂഷ
- 12 :1 - 21 ബലഹീനന്റെ ശുശ്രൂഷ, പൗലോസിന്റെ വ്യഗ്രത
- 13 :1-10 കോറിന്തോസ് സഭയ്ക്കുള്ല മുന്നറിയിപ്പുകൾ
- 13 :11 - 13 സമാപനം
- 13 : 11 സമാപനാശംസ
- 13 : 12 - 13 അനുഗ്രഹവചസ്സ്(blessing)

**ലേഖന വ്യാഖ്യാനം - ആമുഖവാക്യങ്ങൾ ( 2 കോറി1: 1-2)**

ലേഖനത്തിന്റെ ആരംഭത്തിൽ പൗലോസ് തന്നെത്തന്നെ വിശേഷിപ്പിക്കുന്നത് അപ്പസ്തോലൻ എന്നാണ്. ഗ്രീക്ക് ഭാഷയിലെ അപ്പോസ്തെലോസ് (apostelos) എന്ന പദത്തിന്റെ അർത്ഥം അയക്കപ്പെട്ടവൻ ( the sent one) എന്നാണ്. ഈ കത്ത് എഴുതാൻ സഹായിച്ചത് ലിസ്ത്രാ നിവാസിയായിരുന്ന തിമോത്തിയോസാണ്. എഫേസോസിലെ മെത്രാനായിരുന്നു തിമോത്തിയോസ്.പൗലോസിന്റെ ആമുഖ ആശംസയിലെ പ്രധാനപ്പെട്ട രണ്ടു വാക്കുകൾ കൃപയും, സമാധാനും എന്നതാണ്. കൃപ (Grace) എന്നർഥം വരുന്ന ഗ്രീക്കി ഭാഷയിലെ ഖാരിസ് ( charis) എന്നപദം ദൈവം നമ്മിൽ ചൊരിയുന്ന സ്നേഹത്തെയും സംരക്ഷണത്തെയും സൂചിപ്പിക്കുന്നു.സമാധാനം (peace) എന്നർഥം വരുന്ന എയ്റേനെ (eirene) എന്ന ഗ്രീക്കു പദം യേശുക്രിസ്തുവിലൂടെ കൈവരുന്ന നന്മയും, വിശുദ്ധിയും, സമൃദ്ധിയുമാണ് സൂചിപ്പിക്കുന്നത്. ഹീബ്രു ഭാഷയിലെ ഷലോം ( shalom) എന്ന പദത്തിന്റെ ഗ്രീക്ക് ഭാഷാന്തരമാണ് എയ്റേനെ.

ലേഖനവ്യാഖ്യാനം (7-13 അധ്യായങ്ങൾ)

പൗലോസിന്റെ അപ്പസ്താലികാധികാരത്തെ ചോദ്യം ചെയ്യുകയും അദ്ദേഹത്തിന്റെ പ്രബോ

ധനങ്ങളെ വിലമതിക്കാതിരിക്കുകയും ചെയ്തവർ പൗലോസിന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും മനോഭാവത്തിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. പൗലോസും കോറിന്തോസുകാരും തമ്മിലുള്ള അനുരജ്ഞനം സാധ്യമാവുകയും ബന്ധം പുനസ്ഥാപിക്കപ്പെടുകയും ചെയ്തു. കോറിന്തോസുകാർ തങ്ങളുടെ തെറ്റിൽ പശ്ചാത്തപിച്ചുവെന്ന വാർത്ത തീത്തോസിലൂടെ ലഭിച്ച പൗലോസ് വളരെയധികം സന്തോഷിച്ചു. (7:6-7) മാനസാന്തരപ്പെട്ടജനം തിന്മയിലേക്കു പോകാതെ വിശുദ്ധിയിൽ ചരിക്കണമെന്നാണ് പൗലോസിന്റെ ആഹ്വാനം.(7:1) ശരീരത്തിന്റെയും ആത്മാവിൻരെയും വിശുദ്ധി എല്ലാവരും പാലിക്കണം ദൈവഭയത്തിൽ വിശുദ്ധി പരിപൂർണ്ണമാക്കുകയും വേണം.

പൗലോസ് സ്വാർത്ഥനും വഞ്ചകനും ചൂഷണം ചെയ്യുന്നവനുമാണെന്ന് എതിരാളികൾ പറഞ്ഞ പശ്ചാത്തലത്തിൽ പൗലോസ് തന്നെതന്നെ ന്യായീകരിച്ചുകൊണ്ട് പറഞ്ഞു. ഞങ്ങൾ ആരെയും ദ്രോഹിച്ചിട്ടില്ല; ആരെയും ചൂഷണം ചെയ്തിട്ടില്ല. തന്റെ ശുശ്രൂഷ നിഷ്കളങ്ക സേവനമാണെന്ന് പൗലോസ് അടിയുറപ്പിച്ച് പറയുകയാണിവിടെ. ചിലദുഖങ്ങൾ മാനസാന്തരത്തിലേക്കും രക്ഷയിലേക്കും നയിക്കുമെന്ന സത്യം പൗലോസ് ഇവിടെ പഠിപ്പിക്കുന്നുണ്ട്. പൗലോസ് എഴുതിയ കണ്ണീരിന്റെ കത്ത് കോറീന്തോസുകാരിൽ ദുഖമുളവാക്കി. ഗ്രീക്ക് ഭാഷയിൽ 'ലൂപെ' എന്ന പദത്തിന്റെ അർത്ഥം മാനസിക വ്യഥ, ക്ലേശം എന്നൊക്കെയാണ്. ഈ മാനസിക വ്യഥ ജനത്തിൽ രക്ഷാകരമായ മാനസാന്തരം ജനിപ്പിച്ചു (7:9-10). തങ്ങളുടെ ജീവിതത്തിലെ തെറ്റുകൾ തിരുത്തുവാനും വ്യാജപ്രബോധകരെ തള്ളിക്കളയാനും പൗലോസിന്റെ നേതൃത്വത്തെ അംഗീകരിക്കാനും ജനം തയ്യാറായി. അക്കാരണത്താലാണ് പൗലോസ് പറയുന്നത് - ലൗകീകമായദുഖം മരണത്തിലേക്ക് നയിക്കുന്നു; ദൈവീകമായ ദുഖംഉത്സാഹവും ആകാംഷയും തീഷ്ണതയും നീതിവാഞ്ചയും ഒരാളിൽ ഉളവാക്കുന്നു(7:11)

അധ്യായം 8

ക്ലേശകാലത്ത് വിഷമിക്കുന്ന ക്രൈസ്തവ സഹോദരങ്ങൾക്ക് സഹായമെത്തിക്കുക എന്നത് പൗലോസിന്റെ ശൈലിയായിരുന്നു. ക്ലാവുദിയൂസ് ചക്രവർത്തിയുടെ കാലത്ത്(A.D 41-45) കഠിനമായ ക്ഷാമമുണ്ടായപ്പോൾ ശിഷ്യരെല്ലാവരും തങ്ങളുടെ കഴിവനുസരിച്ച് യൂദായായിൽ താമസിച്ചിരുന്ന സഹോദരർക്ക് പൗലോസ് വഴി ദുരിതാശ്വാസം എത്തിച്ചുകൊടുത്തു(അപ്പ 11:27-30).

എ.ഡി 53-58 കാലഘട്ടങ്ങളിൽ പൗലോസ് നടത്തിയ തന്റെ മൂന്നാം പ്രേഷിത യാത്രയിലും ജറൂസലേമിലെ സഭകൾക്കായി പൗലോസ് ധനസമാഹരണം നടത്തി. മക്കദോനിയായിലെ സഭാംഗങ്ങൾ സമ്പന്നരായിരുന്നില്ലെങ്കിലും ജറൂസലേമിലെ സഭയ്ക്കായി അവർ ഉദാരമായ ദാനം നടത്തി. ഇക്കാര്യമാണ് എട്ടാം അദ്ധ്യായത്തിന്റെ ആദ്യ ഭാഗത്ത് പൗലോസ് വിവരിക്കുന്നത്.(8:1 -7). മക്കദോനിയക്കാരുടെ ഔദാര്യത്തെ പൗലോസ് മാതൃകയായി ചൂണ്ടിക്കാണിക്കുകയാണ്. മക്കദോനിയ ( macedonia) എന്നത് ഗ്രീസിന്റെ വടക്കുഭാഗത്തുള്ള റോമൻ പ്രവിശ്യയാണ്. മക്കദോനിയായിലെ സഭ എന്നത് തെസലോനിക്കാ, ഫിലിപ്പി, ബറോയ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ്.

മക്കദോനിയാക്കാരെപ്പോലെ കോറിന്തോസുകാരും ഉദാരമായി സംഭാവന നൽകണമെന്നാണ് പൗലോസ് ആഹ്വാനം ചെയ്യുന്നത്. മക്കദോനിയക്കാരുടെ ഉദാരതയെക്കുറിച്ച് പറഞ്ഞശേഷം പൗലോസ് യേശുക്രിസ്തുവിന്റെ ഉദാരമനോഭാവം മാതൃകയായി അവതരിപ്പിക്കുന്നുണ്ട്(8: 8-15). യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം ഉദാരദാനത്തിന്റെ മഹനീയ മാതൃകയാണ്. നമ്മെ സമ്പന്നരാക്കുവാൻവേണ്ടി കർത്താവ്യേശു തന്റെ സർവ്വ മഹത്വവും ത്യജിച്ച് തന്നെത്തന്നെ ശൂന്യനാക്കി.( ഫിലി 2: 6- 8)

ദാനം നൽകേണ്ടത് താല്പര്യത്തോടെ ആയിരിക്കണം അത് ആരുടെയും നിർബന്ധത്താലാകരുത്. എത്രകൊടുക്കുന്നു എന്നതല്ല, ഏതുമനോഭാവത്തോടെ നൽകുന്നു എന്നതാണു പ്രധാനം. ഓരോരുത്തരും തങ്ങളുടെ കഴിവനുസരിച്ചാണ് നൽകേണ്ടത്. കോറിന്തോസുകാർ ഒരു വർഷംമുൻപ് നൽകാൻ അഭിലഷിച്ച സംഭാവന നിറമനസോടെ പൂർത്തിയാക്കണമെന്നാണ് പൗലോസ് ആഹ്വാനം ചെയ്യുന്നത്(8;11-12).

ജറുസലേമിലെ സഭകൾക്കായുള്ള ധർമ്മശേഖരണത്തിന് പൗലോസ് പ്രധാനമായും നിയമിച്ചത് തീത്തോസിനെയാണ്.(8:6,16-17). അദ്ദേഹത്തോടൊപ്പംരണ്ട് സഹോദരന്മാരെക്കുടി പൗലോസ് ഈ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്തു.(8: 18 -19). ഇവർ രണ്ടുപേരും സഭയുടെ അപ്പസ്തോലന്മാർ ആണ്(8:23);അതായത് ഈ നിയോഗത്തിനായി സഭകളാൽ അയക്കപ്പെട്ടവരാണവർ.

അധ്യായം 9

വിശുദ്ധർക്കുവേണ്ടിയുള്ള ധനശേഖരണത്തെപ്പറ്റി പൗലോസ് ഒരിക്കൽ കൂടി കോറിന്തോസുകാരെ ഓർമ്മിപ്പിക്കുകയാണ് ഈ അധ്യായത്തിൽ(9:1-5) കൂടാതെ സന്തോഷത്തോടെയും ഔദാര്യത്തോടെയും ദാനം ചെയ്യാൻ പൗലോസ് ആഹ്വാനം നടത്തുകയും ചെയ്യുന്നുണ്ട്(9: 6-15). പണം

(mney) എന്ന പദത്തിന് പകരമായി പൗലോസ് 9:1 ൽ ഉപയോഗിക്കുന്ന പദം ദിയക്കോണിയ എന്നാണ്. ശുശ്രൂഷ എന്നാണ് ഈ വാക്കിന്റെ അർത്ഥം.

കോറിന്തോസുകാരുടെ ഉദാരതയെക്കുറിച്ച് പൗലോസ് മക്കദോനിയാക്കാരോട് പറഞ്ഞിട്ടുണ്ട്. അക്കായായിലുള്ളവർ ധർമ്മദാനത്തിന് ഒരുങ്ങിയിരികികുകയാണെന്നറിഞ്ഞ മക്കദോനിയാക്കാർ ഔദാര്യപൂർവ്വം ദാനത്തിൽ പങ്കുചേർന്നു. എന്നാൽ കോറിന്തോസുകാരും പൗലോസ് അപ്പസ്തോലനുമായി തമ്മിൽ ഉ ണ്ടായ ഭിന്നത സംഭാവനകളെ സാരമായി ബാധിച്ചു. ഭിന്നത നീങ്ങിയശേഷവും ഈ ശുശ്രൂഷ ഫൂർണ്ണമായി നടന്നിരുന്നില്ല.അക്കാരണത്താൽ, മക്കദോനിയക്കാർ കോറിന്തിൽ വരുമ്പോൾ ആരും അപമാനിതരാകാതിരിക്കുവാൻ വേണ്ടി ഈ ശുശ്രൂഷയോട് ആത്മാർത്ഥമായി പ്രതികരിക്കണമെന്ന് പൗലോസ് കോറിന്തോസുകാരെ ആഹ്വാനം ചെയ്തു. ഉദാരമായ സംഭാവനയെ 9:5 ൽ പൗലോസ് പരാമർശിക്കുന്നത് എവുഗോളിയ എന്നാണ്. അനുഗ്രഹം എന്നർത്ഥം.

അൽപ്പം വിതയ്ക്കുന്നവൻ അൽപ്പം മാത്രം കൊയ്യും ധാരാളം വിതയ്ക്കുന്നവൻ ധാരാളം കൊയ്യും (9:6) പരിചിതമായ ഒരു ഗ്രീക്ക് പഴമൊഴിയിലൂടെ കോറിന്തോസു കാർക്ക് ഉദാരദാനത്തിന്റെ സന്ദേശം കൈമാറുകയാണ്. ഔദാര്യപൂർവ്വം നൽകുന്നവർക്ക് കൂടുതൽ നേട്ടമുണ്ടാകും; നിർബന്ധപൂർവ്വമോ സങ്കടത്തോടെയോ കൊടുക്കുന്നവർക്ക് സമൃദ്ധി ഉണ്ടാകില്ല.

എഴുതപ്പെട്ടിരിക്കുന്നതുപോലെ, അവൻ വാരി വിതറി. അവൻ ദരിദ്രർക്ക് ദാനം ചെയ്തു. അവന്റെ നീതി എന്നേക്കും നിലനിൽക്കുന്നു (9:9)സങ്കീർത്തനം 112:9 ന്റെ ഉദ്ധരണിയാണിത്. ഗ്രീക്ക് ഭാഷയിലെ ദികായിയോസ്യൂനെ എന്ന പദമാണ് നീതി(righteousness) എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. ഒരുവന്റെ ധാർമ്മിക ശ്രേഷ്ഠതയെയാണ് ഇത് സൂചിപ്പിക്കുന്നത്.

അധ്യായം 10

10 മുതൽ 13 വരെയുള്ള അധ്യാങ്ങളിൽ പൗലോസ് അപ്പസ്തോലൻ തന്റെ പ്രവർത്തനങ്ങൾക്കും ദൗത്യത്തിനുമുള്ള ന്യായീകരണം നൽകുകയാണ്. ശ്ലീഹായുടെ അപ്പസ്തോലിക ശുശ്രൂഷയ്ക്കെതിരെ കോറിന്തോസിലെ ചിലർ ഉയർത്തിയ എതിർപ്പുകളെ അദ്ദേഹം നേരിടുകയാണ്. തിന്മയ്ക്കെതിരെ ധീരമായ നിലപാടെടുക്കുകയും എന്നാൽ ക്ഷമയോടും കാരുണ്യത്തോടും കൂടി ഇടപെടുകയുമാണ് പൗലോസിന്റെ ശൈലി. തന്റെ എതിരാളികളുടെ വാക്കുകളും നിലപാടുകളുമെല്ലാം എടുത്തു പറഞ്ഞുകൊണ്ടാണ് അതിനെയെല്ലാം പൗലോസ് പ്രതിരോധിക്കുന്നതും ന്യായീകരിക്കുന്നതും.

പൗലോസും സഹകാരികളും ജഡികന്മാരാണെന്ന് കോറിന്തോസിലെ ചിലർ ആരോപിച്ചിരുന്നു.(10: 2) ഗ്രീക്ക് ഭാഷയിലെ 'സാർക്സ്' എന്നപദത്തിന്റെ അർത്ഥം ജഡം, ശരീരം, ഐഹികജീവിതം എന്നൊക്കെയാണ്. പൗലോസിന്റെ യഥാർത്ഥ ആത്മീയതയെ മനസിലാക്കാത്തവരാണ് ഇത്തരത്തിലുള്ള ആരോപണം ഉന്നയിച്ചത്.

കോറിന്തോസുകാർ തന്നെക്കറിച്ചു നടത്തിയ വിലയിരുത്തൽ ശരിയല്ലായെന്ന് പറയുന്ന പൗലോസ് സൗമ്യതയോടും ശാന്തതയോടും കൂടി മറുപടി നൽകുന്നുണ്ട്.; ഞങ്ങൾ ജീവിക്കുന്നത് ജഡത്തിലാണെങ്കിലും ജഡികപോരാട്ടമല്ല ഞങ്ങൾ നടത്തുന്നത് (10:3). ലോകത്തിലാണ് ഞങ്ങൾ ആയിരിക്കുന്നതെങ്കിലും ഭൗതിക കാര്യങ്ങളല്ല ഞങ്ങൾ പ്രവർത്തിക്കുന്നത് എന്നാണ് പൗലോസ് പറയുന്നത്. തന്റെ പ്രവർത്തനങ്ങൾ ലോകത്തിന്റെ അരൂപിയാലുള്ളതല്ല; മറിച്ച് ദൈവാരൂപിയാലുള്ളതാണെന്ന് സാരം.

കോറിന്തോസുകാർ പൗലോസിന്റെ പ്രതിയോഗികളുടെ വാക്കുകൾ കേട്ട് അവരോടു വിധേയപ്പെട്ടു കഴിയുകയായിരുന്നു. ഈ സാഹചര്യത്തിൽ, ക്രിസ്തുവിനോടുള്ള യഥാർത്ഥ വിധേയത്വത്തിലേക്ക് എല്ലാവരും കടന്നുവരണമെന്നാണ് പൗലോസ് ആഹ്വാനംചെയ്യുന്നത്. 'അനുസരണം' എന്നതിന് ഗ്രീക്ക് ഭാഷയിലെ 'ഹ്യൂപാകോയെ' എന്നവാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. സഭയുടെ അധികാരികളോടുള്ള വിധേയത്വത്തെയാണ് ഇത് അർത്ഥമാക്കുന്നത്. അനുസരണക്കേടിന്റെ വഴിയെ ചരിക്കുന്നവർക്ക് 'ശിക്ഷ' ഉണ്ടാകുമെന്നാണ് പൗലോസ് അറിയിക്കുന്നത്.(10:6)

തന്റെ അപ്പസ്തോലികാധികാരത്തെക്കുറിച്ചും പൗലോസ് വ്യക്തമാക്കുന്നുണ്ട്. കർത്താവാണ് തങ്ങൾക്ക് ഈ അധികാരം നൽകിയിരിക്കുന്നത്. ഈ അധികാരം ആരെയും നശിപ്പിക്കാനല്ല; മറിച്ച് സമൂഹത്തിലെ എല്ലാവരേയും പടുത്തുയർത്താനാണ്(10:9).പൗലോസിനു ലഭിച്ച ദൈവീകാധികാരത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. സഭകൾ സ്ഥാപിക്കുവാൻ ക്രിസ്തുവാണ് തന്നെ നിയോഗിച്ചിരിക്കുന്നതെന്നാണ് പൗലോസ് പ്രസ്താവിക്കുന്നത്. 'പടുത്തുയർത്താനാണ്' ദൈവീകാധികാരം ലഭിച്ചിരിക്കുന്നത്. ഗ്രീക്ക് ഭാഷയിലെ 'ഒയ്കോദോമെ' എന്ന പദം ആത്മീയമായിട്ടുള്ള പടുത്തുയർത്തലിനെയാണ് സൂചിപ്പിക്കുന്നത്.

അധ്യായം 11

പൗലോസിന്റെ മിഷനറിയാത്രകൾക്കുശേഷം കോറിന്തോസിൽ കടന്നുവന്ന സുവിശേഷ പ്രഘോഷകർ പൗലോസിനോ ദുഷിച്ചു സംസാരിച്ചു. അവർ തന്നെ പല വിധത്തിൽ അപകീർത്തിപ്പെടുത്തിയെന്ന് മനസിലാക്കിയപൗലോസ് യഥാർത്ഥ അപ്പസ്ഥോലന്റെ സവിശേഷതകൾ ഇവിടെ അവതരിപ്പിക്കുകയാണ്. 'ഭോഷത്തം' താൻ സംസാരിക്കുന്നതെന്ന് 'വിരോധാഭാസ' ശൈലിയിൽ പറഞ്ഞുകൊണ്ടാണ് പൗലോസ് പ്രതിയോഗികളുടെ എതിർപ്പുകളെ നേരിടുന്നത് (11,1). വിമർശമങ്ങൾക്കിടയിൽ സ്വയം പ്രതിരോധിക്കാൻ പൗലോസ് സ്വീകരിക്കുന്ന മാർഗം 'സ്വയം പ്രശംസയുടേതാണ്'. ഗ്രീക്ക് ഭാഷയിലെ 'കൗക്കേസിസ്' (Kauchesis) എന്ന പദത്തിന്റെ അർഥം 'ആത്മപ്രശംസ' , 'സ്വയം പുകഴ്ത്തൽ' (boasting, glorifying) എന്നൊക്കെയാണ്. തന്റെ ഈ ആത്മപ്രശംസ ലോകദൃഷ്ടിയിൽ ഭോഷത്തമാണെന്ന് പൗലോസിനറിയാമെങ്കിലും തന്റെ ഭാഗം ന്യായീകരിക്കുവാൻ പൗലോസ് ഈ ശൈലി അവംലബിച്ചുവെന്ന് മാത്രം.

വളരെ വൈമുഖ്യത്തോടെയാണ് പൗലോസ് സ്വയം പ്രതിരോധത്തിനിറങ്ങുന്നത് ആത്മപ്രശംസ ഭോഷത്തം പറയലാണ്. പൗലോസിന്റെ ജീവിതത്തിൽ സാധാരണഗതിയിൽ അത് ഉണ്ടാകേണ്ടതല്ല, അക്കാരണത്താലാണ് അദ്ദേഹ പലപ്രാവശ്യം ക്ഷമാപണം നടത്തുന്നത്. ഗ്രീക്ക് ഭാഷയിലെ 'അനഖെസ്തെ' (anachesthe) എന്ന പദത്തിന്റെ അർഥം 'പൊറുക്കുക', 'സഹിഷ്ണുത കാണിക്കുക' (do bear with, endurance patiently) എന്നൊക്കെയാണ് (11,1). ഭോഷത്തം പറയുമ്പോഴും പൗലോസിന്റെ മനസ്സിന്റെ നൈർമല്യത്തെയാണ് ഈ ക്ഷമാപണം സൂചിപ്പിക്കുന്നത്.

"എനിക്ക് നിങ്ങളോട് ദൈവീകമായ അസൂയ തോന്നുന്നു" (11,20) എന്ന പൗലോസിന്റെ പരാമർശം ദൈവീക തീക്ഷ്ണതയെയാണ് സൂചിപ്പിക്കുന്നത്. "അസൂയ" (jealousy) എന്നർഥം വരുന്ന ഗ്രീക്കിലെ 'തെലോസ്' (zelos) എന്ന പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. 'സെലോസ് എന്ന വാക്കിന് 'തീക്ഷ്ണത' (zeal) 'ആഴ്തിലുള്ള സ്നേഹം' (ardent affection) എന്ന ഭാവാത്മക അർഥങ്ങളുണ്ട്. 'ദൈവീകമായ അസൂയ അല്ലെങ്കിൽ തീക്ഷ്ണത' എന്നത് പഴയനിയമത്തിൽ ഇസ്രായേൽ ജനത്തോടുള്ള ദൈവത്തിന്റെ ഭാവമാണ്. ഇസ്രായേൽ ജനം ദൈവത്തിന്റെ സ്വന്തം ജനമാണെന്നും അവർ മറ്റാരുടേതുമാകൻ ദൈവം അനുവദിക്കുകയുമില്ല. എന്നുള്ള മനോഭാവമാണിത്. കോറിന്തോസുകാരോട് പൗലോസിന് തോന്നുന്ന ഭാവവും ഇതിനു സമാനമാണ്. അവർ പൗലോസിന്റെ ആത്മീയ മക്കളാണ്. അവർ വ്യാജപ്രബോധകരടേതാകാൻ പൗലോസ് അനുവദിക്കുകയില്ല എന്ന് സാരം. പൗലോസ് ജനത്തെക്കുറിച്ച് തീക്ഷ്ണതയുള്ളവനാണ്." നിർമലയായ വധുവിനെ അവളുടെ ഭർത്താവിന് എന്നതുപോലെ, നിങ്ങളെ ക്രിസ്തുവിന് സമർപ്പിക്കേണ്ടതിന് ക്രിസ്തുവുമായി നിങ്ങളുടെ വിവാഹ നിശ്ചയം ഞാൻ നടത്തി" (11,2b). സഭയും ക്രിസ്തുവും തമ്മിലുള്ള വിവാഹത്തെയാണ് അപ്പസ്തോലൻ ഇവിടെ ഓർമിപ്പിക്കുന്നത്. യഹൂദവിവാഹത്തിന്റെ പശ്ചാത്തലത്തിലാണ് ഈ താരതമ്യം മനസ്സിലാക്കാൻ സാധിക്കുന്നത്. യഹൂദവിവാഹത്തിൽ ആദ്യം വിവാഹനിശ്ചയമാണ്. (betrothal). നടക്കുന്നത്. കുറച്ചുനാൾ കഴിഞ്ഞാണ് വിവാഹം (marriage) നടത്തുന്നത്. ഭാവിവരനുമായി വാവാഹനിശ്ചയം കഴിയുന്നതോടെ വധു വിവാഹിതയെപ്പോലെയാണ്. വിവാഹിതയുടെ കടമകളും ഉത്തരവാദിത്വങ്ങളും വന്നു ചേരുന്നു. എന്നാൽ വിവാഹകർമം കഴിഞ്ഞാണ് അവൾ തന്റെ ഭവനത്തിലേക്ക് പോകുന്നത്. അതുവരെ വധുവിനെ നിർമലയായി (chaste) കാത്തുസൂക്ഷിക്കുക എന്നത് വധുവിന്റെ പിതാവിന്റെ ദൗത്യമാണ്. ഉത്തരവാദിത്വമാണ്. കന്യകയായ സഭയെ മണവാളനായ ക്രിസ്തുവിനുവേണ്ടി കളങ്കരഹിതയായി കാത്തുസൂക്ഷിക്കണം. ഇതാണ് കോറിന്തോസ് സഭയുടെ അപ്പനെന്ന നിലയിലുള്ള പൗലോസിന്റെ ആകുലത. പൗലോസിന്റെ പ്രതിയോഗികകളിൽനിന്നും സഭയെ നിർമലയായി കാത്തുസൂക്ഷിക്കുകയാണ് പൗലോസിന്റെ ദൗത്യം (11,3-4).

താൻ ഏത് കുലത്തിൽ പിറന്നവനാണെന്നും, തന്റെ വംശം, മത് ഏതാണെന്നുമെല്ലാം പറയുന്ന പൗലോസ് യഹൂദൻ എന്ന രീതിയിൽ തന്റെ മേന്മ അവതരിപ്പിക്കുന്നുണ്ട് (11,21).താൻ ഹെബ്രായക്കാരനാണെന്നും ഇസ്രായേൽക്കാരനാണെന്നും അബ്രാഹത്തിന്റെ സന്തതിയാണെന്നും പൗലോസ് തന്നക്കുറിച്ചുതന്നെ പറയുന്നു. ഇതിലെല്ലാം ഉപരിയായി പൗലോസ് പറയുന്നത് താൻ 'ക്രിസ്തുവിന്റെ ദാസൻ' ആണെന്നാണ്. മറ്റുള്ളവരെക്കാൾ കൂടിയ ശുശ്രൂഷകനാണ് താൻ എന്നാണ് പൗലോസ് അഭിമാനത്തോടെ പറയുന്നത് (11,23). ക്രിസ്തുവിനുവേണ്ടി ഏറെ സഹനങ്ങൾ ഏറ്റെടുത്തയാളാണ് താൻ എന്നും പൗലോസ് തീക്ഷ്ണതയോടെ പങ്കുവയ്ക്കുന്നുണ്ട്. പൗലോസ് കാരാഗൃഹവാസം അനുഭവിച്ചു; കണക്കറ്റ പ്രഹരങ്ങളേറ്റു; യഹൂദരുടെ കയ്യിൽനിന്നും ഒന്ന് കുറയെ നാല്പത് അടി (39 അടികൾ) അഞ്ച് തവണ കൊണ്ടു; വടികൊണ്ട് അടിക്കപ്പെട്ടു; കല്ലെറിയപ്പെട്ടു (11,23-25). പൗലോസ് തന്റെ സഹന ശുശ്രൂഷയാണ് ഇവിടെ പങ്കുവയ്ക്കുന്നത്.

അധ്യായം 12

തന്റെ ജീവിതത്തിന്റെ അവസ്ഥകളെക്കുറിച്ച് പങ്കുവച്ചതിനുശേഷം പൗലോസ് തനിക്കു ലഭിച്ച ദർശനങ്ങളെക്കുറിച്ചും വെളിപാടുകളെക്കുറിച്ചും എഴുതുകയാണ്. ആത്മപ്രശംസ ചെയ്യാൻ തനിക്കു പലതുമുണ്ടെങ്കിലും അതുകൊണ്ടൊന്നും നേട്ടമില്ലെന്നു പറയുന്ന പൗലോസ് തന്റെ ജീവിതത്തിലെ ദൈവീക ഇടപെടലിനെക്കുറിച്ച് കോറിന്തോസു കാരോട് പങ്കുവയ്ക്കുകയാണ്.എ.ഡി 41-42 കാലഘട്ട ങ്ങളിൽ പൗലോസിനു ലഭിച്ച ഒരു ആത്മീയാനുഭൂതിയെക്കറിച്ചാണ് അദ്ദേഹം പറയുന്നത്. ഇതൊരു സ്വർഗ്ഗീയാനുഭൂതിയാണ്. യഹൂദകാഴ്ചപ്പാടനുസരിച്ച് മൂന്നാം സ്വർഗ്ഗമെന്നു പറയുന്നത് പറുദീസയാണ്. ഒന്നാമത്തെ ആകാശം പക്ഷികളുടേതും മേഘങ്ങളുടേതും; രണ്ടാമത്തെ ആകാശം സൂര്യന്റെയും നക്ഷ ത്രങ്ങളുടെയും തലമാണ്. 'പറുദീസ' എന്നത് മനുഷ്യന്റെ ദൈവവുമായുള്ള ഐക്യത്തിന്റെയും കൃപാസ മൃദ്ധിയുടേയും അവസ്ഥയാണ്. മൂന്നാം സ്വർഗ്ഗം ദൈവം വസിക്കുന്ന ഇടമാണ്; ദൈവസന്നിധിയാ ണ്(12:2-4).

ദൈവീക ദർശനങ്ങൾ ലഭിക്കുന്നുവെന്ന് പറഞ്ഞ് അഭിമാനിക്കുന്ന പൗലോസ് തന്റെ ജീവിത ത്തിന്റെ കുറവുകളെക്കുറിച്ച് വ്യക്തമാക്കുന്നുണ്ട്." വെളിപാടുകളുടെ ആധിക്യത്താൽ ഞാൻ അധികം ആഹ്ലാദിക്കാതിരിക്കേണ്ടതിന് ശരീരത്തിൽ എനിക്ക് ഒരു മുള്ള് നൽകപ്പെട്ടിരിക്കുന്നുന്നു" (12:7) ഗ്രീക്കു ഭാഷയിലെ 'സ്കോലോപ്സ്' എന്ന പദത്തിന്റെ അർത്ഥം 'മുള്ള്, കുറ്റി' എന്നൊക്കെയാണ്. ഇത് എന്താ ണെന്ന് നിർണ്ണയിക്കുക എളുപ്പമല്ല. പൗലോസിന്റെ ജീവിത്തിലെ 1. ശാരീരിക രോഗമായും(തലവേദ ന, ഉദരരോഗം, കാഴ്ചക്കുറവ്), 2. ജഡികപ്രലോഭനമായും, 3. പൗലോസിന്റെ പ്രതിയോഗികളായും ഇത് വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. ഈ മുള്ളിനെ ' സാത്താന്റെ ദൂതൻ' എന്നാണ് പൗലോസ് വിശേഷിപ്പിക്കു ന്നത്. ഇത് മാറിക്കിട്ടാൻ പൗലോസ് മൂന്നു പ്രാവശ്യം കർത്താവിനോട് പ്രാർത്ഥിച്ചുവെങ്കിലും അദ്ദേഹ ത്തിന്റെ പ്രാർത്ഥനയ്ക്ക് കിട്ടിയ ഉത്തരം " നിനക്ക് എന്റെകൃപ മതി" എന്നതാണ്. ജീവിതത്തിൽ മുള്ളു കൾ ഉണ്ടാകും; എന്നാൽ ദൈവകൃപയിൽ ആശ്രയിക്കുന്നവന് എല്ലാറ്റിനെയും തരണം ചെയ്യാൻ സാധി ക്കും. മനുഷ്യന്റെ ബലഹീനതയിൽ ദൈവത്തിന്റെ ശക്തി പ്രകടമാകും.

കോറിന്തോസിലെ അപ്പസ്തോലപ്രമാണിമാരുടെ മേൽക്കോയ്മ പൗലോസ് അംഗീകരിക്കന്നി ല്ല. താൻ നിസ്സാരൻ ആണെങ്കിലുംശ്രേഷ്ടൻമാരായ അവരെക്കാൾ ഒട്ടും പിന്നില്ല എന്നാണ് പൗലോസ് പറയുന്നത്.കാരണം ദൈവിക ശക്തിയുടെ ബാഹ്യമായ പ്രകടനങ്ങൾ പൗലോസിന്റെ പ്രവർത്തനങ്ങ ളിലുണ്ട്: 1. അടയാളങ്ങൾ , അത്ഭുതങ്ങൾ 3. ശക്തി. വിശുദ്ധ ഗ്രന്ഥത്തിൽ 'സെമെയ്യോൻ' = അടയാളം, 'തേറാസ്' = അത്ഭുതം, ദ്യുനാമിസ് = ശക്തി , എന്നീ മൂന്നു പദങ്ങൾ ദൈവശക്തിയെക്കുറിക്കുന്നവയാ ണ്. ഇവ മൂന്നും പൗലോസിന്റെ അപ്പസ്തോലിക സ്ഥാനത്തിന്റെ അടയാളങ്ങളും തെളിവുകളുമാണ്.(12:12).

കോറിന്തോസുകാർക്കുവേണ്ടിയുള്ള തന്റെ ശുശ്രൂഷയുടെ ലക്ഷ്യം അവരുടെ 'പടുത്തുയർത്തൽ' ആണ്. പൗലോസിന്റെ പ്രസംഗങ്ങളും പ്രവർത്തനങ്ങളുമെല്ലാം അവരുടെ അഭ്യുന്നതിക്കുവേണ്ടിയാ ണ്.(12:19). ഗ്രീക്ക് ഭാഷയിലെ ' ഓയ്ഖോദോമെ' എന്ന പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് (10:8; 13:10). പൗലോസിന്റെ പ്രവർത്തനങ്ങളുടെയെല്ലാം ലക്ഷ്യം കോറിന്തോസുകാരുടെ നന്മയാണ്; അവ രുടെ നാശമല്ല.

പശ്ചാത്തപിക്കാത്ത പാപികളെയോർത്താണ് പൗലോസ് സങ്കടപ്പെടുന്നത്. കോറിന്തോസിൽ ധാരാളം ലൈംഗീക തിന്മകൾ നടമാടിയിരുന്നു. മൂന്നു തിന്മകളെയാണ് പൗലോസ് ഇവിടെ പരാമർശി ക്കുന്നത്. (12:22): 1. അശുദ്ധി, 2. വ്യഭിചാരം,3 വിഷയാസക്തി ധാർമ്മിക അധപതനത്തിന്റെ അടയാള ങ്ങളാണ് ഈ വിധമുള്ള തിന്മകൾ. മാനസാനതരപ്പെടാത്ത ചിലർ ഇപ്പോഴും കോറിന്തോസിലുണ്ടെന്ന താണ് പൗലോസിനെ സങ്കടപ്പെടുത്തുന്ന വസ്തുത. കോറിന്തോസുകാർക്കിടയിൽ എട്ട് ധാർമ്മിക വിക ലതകളുണ്ടായിരുന്നു.: കലഹം, അസൂയ, കോപം, മത്സര്യം, അപവാദം, പരദൂഷണം,അഹന്ത, അസ്വ സ്ഥത( 12: 20)

അധ്യായം 13

മുൻ അധ്യായങ്ങളിൽ സൂചിപ്പിച്ച ചില വിഷയങ്ങൾ വീണ്ടും അവതരിപ്പിച്ചുകൊണ്ടാണ് പൗലോസ് തന്റെ ലേഖനം അവസാനിപ്പിക്കുന്നത്. തെറ്റുചെയ്ത കോറിന്തോസുകാർക്ക് നിയമവ്യവസ്തയിലെ മാന ദണ്ഡമനുസരിച്ച് നീതി പൂർവ്വകമായ ശിക്ഷ നൽകുമെന്നാണ് പൗലോസ് പറയുന്നത്. വ്യാജപ്രബോധ കർക്കുള്ള ഒരു താക്കീതണിത്.(13: 1-2)

തന്റെ ബലഹീനതകളെക്കുറിച്ച് ഒരിക്കൽകൂടി പൗലോസ് പറയുന്നുണ്ട്. "കുറവ് , ബലഹീനത, ശക്തിയില്ലായ്മ" എന്നൊക്ക അർത്ഥം വരുന്ന ഗ്രീക്ക് ഭാഷയിലെ ' അസ്തെനെയ്യാ' എന്ന പദം വീണ്ടും പൗലോസ് ഉപയോഗിക്കുന്നു.(11:30; 12:9;12;10 ;13:4). യേശുക്രിസ്തുവിനുവേണ്ടിയുള്ള ശുശ്രൂഷ കളിൽ തനിക്ക് നേരിടേണ്ടി വന്നവിഷമതകളെയാണ് ഇത് സൂചിപ്പിക്കുന്നത്. ബലഹീനതയിൽ ക്രൂശി

ക്കപ്പെട്ടക്രിസ്തുദൈവത്തിന്റെ ശക്തിയാൽ ജീവിക്കുന്നതുപോലെ താനും ബലഹീനനാണെങ്കിലും ദൈവ ശക്തിയാൽ ജീവിക്കുമെന്നാണ് പൗലോസ് വ്യക്തമാക്കുന്നത്.

കോറിന്തോസിലെ ചിലർ പൗലോസിന്റെ ജീവിതത്തെ വിസ്തരിക്കാനും പരിശോധിക്കാനും ആഗ്രഹിച്ചിരുന്നു. തന്റെ പ്രതിയോഗികളോട് അവർ യഥാർത്ഥത്തിൽ ക്രിസ്തുവിനെ മനസിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ പൗലോസ് ആവശ്യപ്പെടുകയാണ്. യേശുക്രിസ്തു നിങ്ങളിലില്ലെങ്കിൽ നിങ്ങൾ നിങ്ങൾ പരാജയപ്പെട്ടിരിക്കുന്നുവെന്നാണ് പൗലോസ് പറയുന്നത്. തിന്മയിൽനിന്ന് അകലാനും നന്മചെയ്യാൻ ഉത്സുകരാകാനുമാണ് പൗലോസ് കോറിന്തോസുകാരെ ആഹ്വാനം ചെയ്യുന്നത്.(13:5-7).

ഹ്രസ്വമായ സമാപനാശംസയോടെയും അഭിവാദനത്തോടെയുമാണ് പൗലോസ് കത്ത് അവസാനിപ്പിക്കുന്നത്. തെറ്റുകൾ തിരുത്തി ഏകമനസ്സോടെ, പരസ്പരം പ്രോത്സാപ്പിച്ചുകൊണ്ട്,സന്തോഷിച്ച്, സമാഘാനത്തിൽ ജീവിക്കുവാൻ പൗലോസ് എല്ലാവരെയും ക്ഷണിക്കുന്നുണ്ട്(13:11) സ്നേഹത്തിന്റയും ക്രിസ്തീയ സാഹോദര്യത്തിന്റെയും പ്രതീകമായ വിശുദ്ധ ചുബനംകൊണ്ട് എല്ലാവരേയും അഭിവാദനം ചെയ്യാനും ശ്ലീഹാ ആഹ്വാനം ചെയ്യുന്നു ത്രീത്വൈകദൈവത്തിന്റെ നാമത്തിലുള്ള ആശീർവാദത്തോയെയാണ് കത്ത് അവസാനിപ്പിക്കുന്നത്(13:13).